# ശശി തരൂരിന്റെ കോക്കകോള തന്ത്രത്തിനു മുമ്പിൽ കോൺഗ്രസ്സ് തലകുനിക്കരുത്

സുകുമാർ അഴീക്കോട്

ശശിതരൂരിനെ പടങ്ങളിലൂടെ കണ്ടു തുടങ്ങിയതോടെ അതിന് ഒരു പെൺമുഖത്തിന്റെ ഛായയുണ്ടെന്ന് പറഞ്ഞുകേൾക്കുന്നുണ്ട്. ഭാഗ്യവാനാണെന്നും തെളിഞ്ഞു. പക്ഷേ. ഇപ്പോൾ ആൾ ഒരു ഇരട്ട ആരോപണത്തിന്റെ നടുവിലാണ്. തരൂരിന് കൊക്കകോളാ കമ്പനിയുമായുള്ള അടുപ്പമാണ് രണ്ടാമത്തെ ആരോപണത്തിനു പിന്നിൽ. യേൽ സർവകലാശാലയിലെ പ്രഭാഷണം സ്പോൺസർ ചെയ്തത് കൊക്കകോളകമ്പനിയാണ്. തെരഞ്ഞെടുപ്പു ചെലവും അവർ, ഇക്കണക്കിന് വഹിച്ചുകൂടായ്കയില്ല. കേരളത്തിൽ ജനപ്രിയം, കൂട്ടാൻ കൂട്ടുപിടിക്കാവുന്ന ഒരു സുഹൃത്തല്ല കോളക്കമ്പനി. ഇതിനകം കോള ഗ്രൗണ്ട് വാട്ടർ അതോറിറ്റി അംഗമായ ഡോ. എസ് ഫൈസി ശശി തരൂരിന് വസ്തുനിഷ്ഠമായ മറുപടി നൽകിക്കഴിഞ്ഞു. കോടതിയിൽ നിലനിൽക്കുന്ന. കോടതിയിൽ ഈ വിഷയത്തിൽ തീരുമാനമെടുത്തതും ശശി തരൂർ അറിഞ്ഞിരിക്കേണ്ടതാണ്. 2004 ജനുവരിയിൽ കോളക്കമ്പനി സ്ഥിതിചെയ്യുന്ന പ്ലാച്ചിമടയിൽ കൂടിയ ലോകജലസമ്മേളനത്തിൽ ഇന്ത്യയിലെയും ലോകത്തിലെയും ധാരാളം വിദഗ്ധർ പങ്കെടുത്തു. അന്ന് ഈ ലേഖകനോടൊപ്പം വേദിയിൽനിന്ന് 'പ്ലാച്ചിമട പ്രഖ്യാപനം' ലോകത്തിന് സമർപ്പിച്ച് മോഡ് വിക്ടോറിയ ബാർലോ എന്ന കനേഡിയൻ എഴുത്തുകാരി ('ബ്ലൂ ഗോൾഡ് എന്ന കൃതി രചിച്ച)യെ ശശിക്ക് പരിചയമുണ്ടാകണം. അവർ ഇപ്പോൾ ഐക്യരാഷ്ട്രസഭയുടെ ജലവിഭവം സംബന്ധിച്ചുള്ള ഫസ്റ്റ് സീനിയർ അഡ്വൈസർ ആണ്. ഈ മഹാൻ കോളക്കുട്ടനായി നടക്കുമ്പോൾ, അദ്ദേഹം സ്ഥാനമൊഴിഞ്ഞ ഐക്യരാഷ്ട്രസഭ മാർച്ച് ഇരുപത്തിരണ്ട് ലോക ജലദിനമായി ആഘോഷിക്കുന്നു എന്ന് ഇദ്ദേഹത്തെ ഓർമിപ്പിക്കട്ടേ! നാട്ടുകാരാം വിദേശനേതാക്കളും പാലക്കാട്ടെ ജലവിനാശവും പരിസ്ഥിതി മലിനീകരണവും നടത്തിയിരുന്ന കൊക്കകോള കമ്പനി അടച്ചുപൂട്ടണമെന്ന് വാദിക്കുമ്പോൾ ഒരു പാലക്കാട്ടുകാരൻ അമേരിക്കയിൽനിന്ന് ഇറങ്ങിവന്ന് കോളക്കമ്പനിയുടെ ധനം പറ്റിക്കൊണ്ട് കമ്പനിയുടെ പ്രവർത്തനം നിർവിഘ്നം തുടരുന്നതിന് ഉപദേശം നൽകാൻ സദാ സന്നദ്ധമായിരിക്കുന്നുവെന്നത് ജനങ്ങളെ അസ്വസ്ഥരാക്കിയിട്ടുണ്ട്. അതും കടന്ന് ആ വ്യക്തി പാർലമെന്റിൽ പ്രവേശിക്കാൻ കോൺഗ്രസിന്റെ സ്ഥാനാർത്ഥിയായി മത്സരിക്കുന്നുവെന്നത് അവരെ ഭയപ്പെടുത്താതിരിക്കില്ല ഇദ്ദേഹം ആരുടെ പ്രതിനിധിയായിട്ടാണ് ലോക്സഭാംഗമാകാൻ മുതിരുന്നത്-ജനങ്ങളുടെയോ വിദേശകമ്പനിയുടേയോ? പാലക്കാട്ടെ ഭൂഗർഭജലം ഊറ്റിയെടുത്ത് കുപ്പിയിലാക്കി അതുമിതം കലക്കി ഈ രാജ്യത്തെ എണ്ണമില്ലാത്ത അതുമിതും കലക്കി ഈ രാജ്യത്തെ എണ്ണമില്ലാത്ത അങ്ങാടികളിൽ വിറ്റ് വൻലാഭമുണ്ടാക്കുന്ന കമ്പനിയ്ക്കു വേണ്ടിയാണ് അദ്ദേഹം ഇപ്പോൾ സംസാരിച്ചുകേൾക്കുന്നത്. അവരുടെ ചെലവിലാണ് അദ്ദേഹത്തിന്റെ പൊതുപരിപാടികൾ പലതും നടക്കുന്നത്. അവർക്കുവേണ്ടി വാദിക്കുന്ന ഒരു പ്രശസ്ത വ്യക്തി ഇന്ത്യൻ പാർലമെന്റിൽ പ്രവേശിക്കുന്നതിന്റെ ഗുണം എന്തെന്ന് കമ്പനിക്ക് അറിയാതെ വരില്ലല്ലോ, അപ്പോൾ തെരഞ്ഞെടുപ്പു ചെലവും അവർ വഹിക്കുന്നുവെങ്കിൽ അത് ന്യായം മാത്രം.

ജനങ്ങളിൽ ഈ വിധത്തിലുള്ള ആശങ്കകളും ഭയങ്ങളും ഉളവാക്കികഴിഞ്ഞ ഒരാളെ ഇന്ത്യൻ നാഷ്ണൽ കോൺഗ്രസ് സ്ഥാനാർത്ഥിയായി അംഗീകരിക്കുക എന്നത് ചിന്തിക്കാൻ പറ്റാത്ത ഒരു അനീതിയാണ്. ദേശീയവും ജനകീയവുമായ താല്പര്യങ്ങൾക്ക് എതിരെ പ്രവർത്തിക്കുന്നതിന് തടസ്സമല്ല ഈ ഐക്യരാഷ്ട്ര സഭ പ്രശസ്തി. പ്ലാച്ചിമട സമരം വർഷങ്ങളോളം നടന്ന ഘട്ടത്തിൽ കേരളത്തിൽ ഉണ്ടായിരുന്ന കോൺഗ്രസ് മന്ത്രിസഭ സമരത്തിന് ഒട്ടും അനുകൂലമായ നിലപാടല്ല കൈകൊണ്ടിരിക്കുന്നത്. കോൺഗ്രസ് നേതാക്കൾ വിലയില്ലാത്ത കുറെ വാക്കുകൾ പറഞ്ഞുവെന്നേയുള്ളു. 2004 ൽ നടന്ന ജലസമ്മേളനത്തിൽ ഈ നേതാക്കൾ ആരും പങ്കെടുത്തില്ല.

കോൺഗ്രസ്സിന്റെ ഈ പഴയ കൊക്കകോളബന്ധം എന്തെന്ന് നല്ലപോലെ മനസ്സിലാക്കിയിട്ടാകാം ശശി തരൂർ സ്ഥാനാർത്ഥി ടിക്കറ്റ് നിഷ്പ്രയാസം നേടിയെടുക്കാൻ വിദേശക്കമ്പനിയുടെ പ്രതിനിധിയായി പ്രവർത്തിക്കുന്നുണ്ടെന്ന സർട്ടിഫിക്കറ്റോടുകൂടി പാർട്ടിയെ സമീപിച്ചത്. സ്ഥാനാർത്ഥി പരിഗണനയിൽ പെടുകയും ചെയ്തു. അത്രത്തോളം അദ്ദേഹത്തിന്റെ 'തന്ത്രം' ഫലിച്ചു.

(2009 ഏപ്രിൽ 3 'ദേശാഭിമാനി' ലേഖനത്തിൽ നിന്നുള്ള ഭാഗങ്ങൾ)

---

11-ാം പേജ് തുടർച്ച

**ഇന്ത്യക്ക് ഇസ്രായേലിനോട് ...**

ക്കുന്നവരും വധിക്കുന്നതും അവരുടെ റോക്കറ്റ് വിക്ഷേപണകേന്ദ്രങ്ങളെ തകർക്കുന്നതും കാണുമ്പോൾ, പാക്കിസ്ഥാനെതിരെ ഇതുപോലെ ചെയ്യാൻ കഴിഞ്ഞെങ്കിൽ എന്ന് ഇന്ത്യക്കാർക്ക് ചിന്തിക്കാതിരിക്കാൻ കഴിയുന്നില്ല. പക്ഷേ അങ്ങനെചെയ്യുന്നതു വഴി ഇരു രാജ്യങ്ങൾക്കും കനത്ത നഷ്ടം നേരിടേണ്ടി വരുമെന്ന് ഇന്ത്യയ്ക്കറിയാം. അതിന്റെ വില സാധാരണ ജനങ്ങളുടെ ജീവനാണെന്ന് ഇന്ത്യ മനസ്സിലാക്കുന്നു. കൂടാതെ ഇങ്ങനെയൊരു നടപടി നിയന്ത്രണാതീതമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. അതുകൊണ്ട് ഇന്ത്യക്കാർ അന്തർദ്ദേശീയ നയതന്ത്രങ്ങൾ വിശ്വാസം അർപ്പിച്ചിരിക്കുകയാണ്. തങ്ങൾക്ക് ചെയ്യാൻ കഴിയാത്തത് ഇസ്രായേൽ ചെയ്യുന്നതുകാണാൻ അതിയായ ആഗ്രഹം ഇന്ത്യക്കാർക്കുണ്ട്.